പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1988 — 18.06.2013-ൽ മറുപടിയ്ക്ക്

## വൈദ്യുത കമ്പിനികൾക്കുള്ള സാമ്പത്തിക പുനസംഘടനാ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ :<br>'' വി.ഡി.സതീശൻ :<br>'' ബെന്നി ബെഹനാൻ :<br>'' എം.എ.വാഹീദ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി കമ്പനികൾക്കുള്ള സാമ്പത്തിക പുനസംഘടനാ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള വൈദ്യുത വിതരണ കമ്പനികളുടെ (DISCOMS) സാമ്പത്തിക പുനരുദ്ധാരണം സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ 2012 ഒക്ടോബർ 15-ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാന വൈദ്യുതി ബോർഡിന്റെ സാമ്പ ത്തിക പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുന്ന തിനുള്ള ചർച്ചകൾ നടക്കുന്നതേയുള്ളൂ. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലൂടെ ലക്ഷ്യമിടുന്നത് താഴെ പറയുന്നവയാണ്.<br>1. കടബാധ്യതകളുടെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കുന്നതിലൂടെ ധനകാര്യ സ്ഥാപനങ്ങൾക്ക് സുരക്ഷയും ഉറപ്പും നൽകുക.<br>2. വിതരണ രംഗത്ത് സാമ്പത്തിക അച്ചടക്കം നടപ്പിലാക്കുക.<br>3. വിതരണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു വാണിജ്യപരമായ പരിവേഷം കൂടി നൽകുക.<br>4. സംസ്ഥാന ഗവൺമെൻറുകളുടെ ഉത്തരവാദിത്തത്തിൽ വിതരണ കമ്പനികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിലൂടെ സ്ഥിരമായ വരുമാനം ഉറപ്പുവരുത്തുക.<br>5. പ്രസരണ നഷ്ടം കുറയ്ക്കുക.<br>6. കാലാകാലങ്ങളിലുള്ള താരിഫ് പുനർനിർണ്ണയം ഉറപ്പാക്കുക.<br>7. ഡിസ്കോംസിന്റെ വാർഷിക അക്കൗണ്ടുകളുടെ ആഡിറ്റ് കാര്യക്ഷമമായി |

നടപ്പിലാക്കുക.

8. വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യങ്ങൾക്ക് അനുസരിച്ച് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ സാമ്പത്തിക അടിത്തറ നിർമ്മിക്കാൻ ഡിസ്കോംസിനെ സഹായിക്കുക.

(സി) പാക്കേജ് നടപ്പിലാക്കുന്നതിനായി സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) കേരള ഗവൺമെൻറ് 28-02-2012-ലെ G.O (MS) No. 09/2013/PD ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാന തല കമ്മറ്റി രൂപവത്ക്കരിച്ചിട്ടുണ്ട്.

താഴെ പറയുന്നവർ കമ്മിറ്റി അംഗങ്ങളാണ്.

1. പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെൻറ്.
2. സെക്രട്ടറി, പവർ ഡിപ്പാർട്ട്മെൻറ്.
3. ചെയർമാൻ, കെ. എസ്. ഇ. ബി.
4. മെമ്പർ (ഫിനാൻസ്), കെ. എസ്. ഇ. ബി
5. കെ. എസ്. ഇ. ബി-യുടെ 3 പ്രധാന പണമിടപാടുകാരുടെ പ്രതിനിധികൾ.
6. റിസർവ് ബാങ്കിൻെറ പ്രതിനിധി.
7. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്രതിനിധി.

(ഡി) എങ്കിൽ സമിതികളുടെ ചുമതലകൾ വിശദമാക്കുമോ?

(ഡി) ഓഫീസ് മെമ്മോറാണ്ടം clause 4.2 പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള പ്രസ്തുത കമ്മിറ്റിയെ ഈ സ്കീം നടപ്പാക്കുന്നതിൻെറ പുരോഗതിയെപ്പറ്റിയുള്ള ത്രൈമാസ റിപ്പോർട്ടുകൾ കേന്ദ്ര കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നു.

**സെക്ഷൻ ഓഫീസർ.**